# ശ്ലോകമഞ്ജരി

# <u>ഉള്ളടക്കം</u>

ഉള്ളടക്കം ........ 2
തിരഞ്ഞെടുത്ത ശ്ലോകങ്ങൾ ........ 3
വി. കെ. ജി. ........ 6
ശ്ലോകസൂചി ........ 11

# തിരഞ്ഞെടുത്ത ശ്ലോകങ്ങൾ

1. അമ്പത്തൊന്നക്ഷരാളീകലിത തനുലതേ, വേദമാകുന്ന ശാഖി–
ക്കൊമ്പത്തമ്പോടു പൂക്കും കുസുമതതിയിലേന്തുന്ന പൂന്തേൻ കുഴമ്പേ,
ചെമ്പൊൽത്താർബാണഡംഭപ്രശമനസുകൃതോ,പാത്ത സൗഭാഗ്യലക്ഷ്മീ
സമ്പത്തേ കുമ്പിടുന്നേൻ കഴലിണ; വലയാധീശ്വരീ വിശ്വനാഥേ.

– ?? (സ്രഗ്ധര)

2. * ജാതീ, ജാതാനുകമ്പാഭവഃ ശരണമയേ മല്ലികേ തേ
കൈതേ കൈതേരിമാക്കം കബരിയിലണിയാൻ കയ്യുയർത്തും ദശായാം,
ഏതാനേതാൻ മദീയാ,നലർശരപരിതാപോദയാ,നാശു
നീതാൻ നീതാനുണർത്തീടുക ചടുലകയൽക്കണ്ണിതൻ കർണ്ണമൂലേ.

– ?? (സ്രഗ്ധര)

3. താരിൽത്തന്വീകടാക്ഷാഞ്ചല മധുപകുലാരാമ, രാമാജനാനാം
നീരിൽത്താർബാണ, വൈരാകരനികര തമോമണ്ഡലീ ചണ്ഡഭാനോ,
നേരെത്താതോരു നീയാം തൊടുകുറി കളയായ്കെന്നുമേഷാകുളിക്ക–
ന്നേരത്തിന്നുമിപ്പുറം വിക്രമനൃവര, ധരാ ഹന്ത! കല്പാന്തതോയേ.

– പുനം നമ്പൂതിരി (സ്രഗ്ധര)

4. പത്രം വിസ്തൃത,മത്ര തുമ്പമലർ തോറ്റോടിടുമോരന്നവും,
പുത്തൻ നെയ്കിനിയെ, പഴുത്ത പഴവും, കാളിപ്പഴം, കാളനും,
പത്തഞ്ഞൂറുകറിക്കുദാസ്യമിയലും നാരങ്ങയും മാങ്ങയും,
നിത്യം ചെമ്പകനാട്ടിലഷ്ടി, തയിർ മോർതട്ടാതെകിട്ടും സുഖം.

– കുഞ്ചൻ നമ്പ്യാർ (ശാർദൂലവിക്രീഡിതം)

5. അബ്ദാർദ്ധേന ഹരിം പ്രസന്നമകരോദൗത്താനപാദശ്ശിശു,
സപ്താഹേന നൃപഃ പരീക്ഷി,ദബലാ യാമാർദ്ധതഃ പിംഗളാ,
ഖട്വാംഗോ ഘടികദ്വയേന, നവതിപ്രായോപിതന്നവ്യഥാ
തം കാരുണ്യനിധിം പ്രപദ്യ ശരണം ശേഷായുഷാതോഷയേ.

– ചേലപ്പറമ്പ് നമ്പൂതിരി (ശാർദൂലവിക്രീഡിതം)

6. ചഞ്ചൽച്ചില്ലീലതക്കും പെരിയമണമെഴും പൂമുടിക്കും തൊഴുന്നേൻ,
നഞ്ചിക്കൊഞ്ചിക്കുഴഞ്ഞിട്ടമൃതുപൊഴിയു,മപ്പുഞ്ചിരിക്കും തൊഴുന്നേൻ,
അഞ്ചമ്പൻ ചേർന്നയൂനാം മനസിഘനമുലക്കും മുലക്കും തൊഴുന്നേൻ,
നെഞ്ചിൽ കിഞ്ചിൽക്കിടക്കും കൊടിയ കുടിലതക്കൊന്നു വേറേ തൊഴുന്നേൻ.

– ചേലപ്പറമ്പ് നമ്പൂതിരി (സ്രഗ്ധര)

7. അന്നൊത്തപോക്കീ, കുയിലൊത്ത പാട്ടീ,
തേനൊത്ത വാക്കീ, തിലപുഷ്പമൂക്കീ,
ദരിദ്രയില്ലത്തെ യവാഗുപോലെ
നീണ്ടിട്ടിരിക്കും നയനദ്വയത്തീ.

– തോലകവി (ഉപജാതി)

8. അർക്കശുഷ്ക്കഫല കോമളസ്തനീ
തിന്ത്രിണീദലവിശാലലോചനേ
നിംബപല്ലവസമാന കേശിനീ
കീകസാത്മജമുഖീ വിരാജസേ.

– തോലകവി (രഥോദ്ധത)

9. നകൃതം സുകൃതം കിഞ്ചിൽ
ബഹൃതം ദുഷ്കൃതം കൃതം
ന ജാനേ ജാനകീ ജാനേ
യമാഹ്വാനേ കിമുത്തരം.

– ?? (അനുഷ്ടുപ്പ്)

10. കാടല്ലേ നിന്റെ ഭർത്താവിനു ഭവന?മതേ നിന്റെയും; നിന്മണാളൻ
ചൂടില്ലേ പന്നഗത്തെ?ശ്ശരി, തവകണവൻ പാമ്പിലല്ലേ കിടപ്പൂ?
മാടല്ലേ വാഹനം നിൻ ദയിത?നതിനെയും നിൻപ്രിയൻ മേയ്പ്പതില്ലേ?
കൂടല്ലേ തർക്കമെന്നെന്നുമ രമയെ മടക്കും മൊഴിക്കായ് തൊഴുന്നേൻ.

– ?? (സ്രഗ്ധര)

11. പൂർവം രാമതപോവനാനിഗമനം, ഹത്വാ മൃഗം കാഞ്ചനം,
വൈദേഹീഹരണം, ജടായു മരണം, സുഗ്രീവസംഭാഷണം,
ബാലീനിഗ്രഹണം, സമുദ്രതരണം, ലങ്കാപുരീദാഹനം,
പശ്ചാത് രാവണ കുംഭകർണ നിധനം, ഏതദ്ധി രാമായണം.

– ?? (ശാർദൂലവിക്രീഡിതം)

12. ആദൗദേവകി ദിവ്യഗർഭജനനം, ഗോപീഗൃഹേവർത്തനം,
മായാപൂതന ജീവിതാപഹരണം, ഗോവർധനോദ്ധാരണം,
കംസ,ച്ഛേദിപ കൗരവാദി നിധനം, കുന്തീസുതാപാലനം,
ഏവം ഭാഗവതം പുരാണകഥിതം ശ്രീകൃഷ്ണലീലാമൃതം.

– ?? (ശാർദൂലവിക്രീഡിതം)

13. മുക്കൂട്ടപ്പാതവക്കത്തൊരുതവി കളഭം കാഴ്ച്ചയായ് വെച്ചതി,ന്നാ
മുക്കൂനിപ്പെണ്ണിനേയും മുരഹര മുതുനീനിർത്തി മുഗ്ധാംഗിയാക്കി;
ഉൾക്കൂറത്രയ്ക്കു സേവിപ്പവനിലനുപമം കാട്ടുമാറുള്ളൊരങ്ങേ–
യ്ക്കൊക്കില്ലെന്നായ് വരില്ലിന്നടിതൊഴുമടിയന്നോലുമിക്കാലുനീർത്താൻ.

– ?? (സ്രഗ്ധര)

14. ഒട്ടാണ്ടെന്നച്ഛനത്യാദരവൊടു തവ തൃക്കോവിലിൽ ശാന്തിചെയ്തു,
മുട്ടാതെന്നമ്മ ഭക്ത്യാതൊഴുതു നടയിൽനിന്നങ്ങയെത്തിങ്കൾ തോറും,
കിട്ടാൻപാടില്ലയോ തൽ സുകൃതധനമെനിക്കല്പ്പവും? ഭ്രഷ്ടനാക്ക–
പ്പെട്ടാലും പുത്രനില്ലേ പിതൃജനമുതലിൽ പിൻതുടർച്ചാവകാശം?

– ?? (സ്രഗ്ധര)

15. നാവാനാവാമുകുന്ദസ്മരണ മരണമാകുംവരേ തേവരേ തേ
പാടാം പാടാകെമാറ്റിക്കളക കളകളാഭാവിശേഷം വിശേഷം.
നേരാം നേരാംവിധം സംഭവതു ഭവതുയിർഭാരമാകാ രമാകാ–
മാർത്തൻ മാർത്തട്ടിലേന്തും തരികൾ തരിക പുണ്യോത്തരം മേത്തരം മേ.

– ?? (സ്രഗ്ധര)

16. ഗാത്രം ഭസ്മസിതം സിതം ച ഹസിതം ഹസ്തേ കപാലം സിതം
ഘട്വാംഗോച സിതം സിതശ്ച വൃഷഭ: കർണ്ണേ സിതേ കുണ്ഡലേ
ഗംഗാഫേനസിത ജടം പശുപതേശ്ചന്ദ്ര: സിതോ മൂർധനി
സോയം സർവസിതോ ദധതു വിഭവം പാപക്ഷയം ശങ്കര:

– ?? (ശാർദൂലവിക്രീഡിതം)

17. ചൂടായ്കിൽ തുളസീദലം യമഭടത്തല്ലങ്ങു ചൂടായ്‌വരും
പാടായ്കിൽ തിരുനാമമന്തക ഭടന്മാരിങ്ങു പാടായ്‌വരും
വീടായ്കിൽ കടമേവനും നരകമാം നാടങ്ങു വീടായ്‌വരും
കൂടായ്കിൽ സുകൃതങ്ങൾ ചെയ്‌വതിനഹോ പാപങ്ങൾ കൂടായ്‌വരും.

– ?? (ശാർദൂലവിക്രീഡിതം)

18. ഏതാനും പിഴ ഞാനറിഞ്ഞുമറിയാതേകണ്ടു ചെയ്തീടിലും
മാതാവാകിയ നീയൊഴിഞ്ഞതു സഹിപ്പാനില്ല മറ്റാരുമേ
കാതോളം വിലസും കടാക്ഷമതുകൊണ്ടെന്നെ ക്ഷണം നോക്കിയാൽ
ചേതം വന്നിടുമോ നിനക്കു തിരുമാന്ധാംകുന്നിൽ മേവും ശിവേ?

– ?? (ശാർദൂലവിക്രീഡിതം)

19. മൃദുലം കിമു വസ്തു ഭൂതലേ
നവനീതാദപി സജ്ജനസ്യഹൃത്
തദിദം ദ്രവതേ സ്വതാപനാത്
പരതാപാത് ദ്രവതേ സതാം മന.

– ?? ()

# വി. കെ. ജി.

1. ആലിലത്തോണിയിൽ കല്പകാലപ്രളയവാരിയിൽ
ഓളം കളിക്കുമോങ്കാരമൂലപ്രകൃതി മേ ഗതി!
മറക്കാ ഞാൻ മഴക്കാറിൻ നിറക്കൂട്ടുള്ള കണ്ണനെ;
മറക്കാ തൽ വിമുക്തിക്കു തുറക്കും വാതിലെൻ പുരാൻ.

2. വെണ്ണത്തൂമണമാർന്ന വായ്മലരിനാൽ ചുംബിക്കെയമ്മയ്ക്കു മൈ–
കണ്ണിൽ തിങ്ങിവഴിഞ്ഞിടുന്ന പരമാനന്ദം സമീക്ഷിക്കവേ,
വിണ്ണിൽപ്പോലുമലഭ്യമാമമൃതൊലിച്ചീടുംവിധം ചെമ്മലർ–
ത്തൊണ്ണിൻ തൂമ വെളിപ്പെടുംപടി ചിരിക്കും കണ്ണ! കാക്കേണമേ.

3. ഠാണാവിൽജ്ജനനം, വളർന്നതിടയപ്പെണ്ണിന്റെ കൈത്തൊട്ടിലിൽ,
പ്രാണൻ കാത്തതു പെൺകൊലക്കൊടുമയാൽ, വിദ്യാലയം ഗോഗൃഹം,
ക്ഷോണീരംഭകളാം വ്യജാംഗനകൾതൻ ജാരത്വമുദ്യോഗ,മെ–
ന്താണാവോ! തവ മേന്മ! കംസവധമോ? പാർത്ഥന്റെ സാരത്ഥ്യമോ?

4. ചൂടും പൂവിനു ശണ്ഠകൂടുമിരുപേർ ദാരങ്ങൾ, കള്ളും കുടി–
ച്ചാടും ജ്യേഷ്ഠ,നുഴന്നു കാട്ടിലലയും ബന്ധുക്കളും തോഴരും,
കൂടും പെൺകൊതിയാൽപ്പരന്റെ തടവിൽപ്പാർത്തോരു പൗത്രൻ; ഹരേ!
വേടൻതൻ കണശാഖിയിൽത്തവ ശവം തൂങ്ങാതെ രക്ഷിച്ചിതോ?

5. വക്കത്തുൽക്കണ്ഠയാലുൽക്കടരുജ തടവും വല്ലവസ്നേഹിതന്മാ–
രാക്രന്ദിക്കെ,ക്കടക്കൺ നനവൊടു പശുവൃന്ദങ്ങളമ്പരക്കെ,
അർക്കാപത്യാന്തരാളാദുപരിയുയരുമക്കാളിയപ്പത്തിയിന്മേ–
ലക്കാർവർണ്ണൻ നടത്തീടിന നടനകലാവിപ്ലവം വെൽവുതാക!

6. പിച്ചനെല്ലവലിടിച്ചു കെട്ടിയ പഴന്തുണിക്കിഴിയുമേന്തിയ–
ന്നച്യുതന്റെ തിരുമുമ്പിൽ വന്നവനിരന്നതില്ല ധനമെങ്കിലും
അച്ഛസൗഹൃദമുറച്ച ഭക്തിയിലണച്ചു വേണ്ട വിഭവങ്ങൾ; നി–
ന്നിച്ഛ തുച്ഛതരമർഹനെങ്കിലരുളാത്തതില്ല കരുണാകരൻ.

7. പാലാഴിക്കോളിരമ്പത്തിലുമൊരു പൊഴുതും സ്വാപഭംഗം വരില്ലേ–
ന്നാലും മാതാവുഷസ്സിൽദ്ധധി കടയുമൊലിക്കാഞ്ഞുണർന്നേല്പതെന്തോ?
നീലക്കാർവർണ്ണ! ദേവർക്കനുപമമമൃതം നൽകുമത്താമരക്ക–
യ്യാലേ പാലും നറും വെണ്ണയുമടവിലെടുത്തുണ്മതെന്താരറിഞ്ഞു?

8. ചേലക്കള്ളൻ ചിലപ്പോൾ, ചിലസമയമൊടുങ്ങാതരക്കെട്ടു ചുറ്റാൻ
നീളത്തിൽ പട്ടുനൽകുവ,നിടയനിട,യ്ക്കെപ്പൊഴും രാജരാജൻ.
ലീലാലോലൻ ചിലപ്പോളഖിലസമയവും നിർഗുണബ്രഹ്മ–മെന്നെ–
പ്പോലുള്ളോരെന്തറിഞ്ഞൂ പുരഹരവിധിമാർ പോലുമൊരാത്ത തത്വം!

9. ലാളിച്ചീടാൻ യശോദാകരലതികകളിൽപ്പിഞ്ചുകുഞ്ഞായി, ലോകം
പാലിച്ചീടാൻ കഠോരാസുരഭടനികരധ്വംസിയായ്, കംസജിത്തായ്,
കേളിക്കാടാൻ വ്രജസ്ത്രീജനഹൃദയമണിപ്പൊത്തിലെത്തത്തയായും
മേളിച്ചീടുന്ന വാതാലയസുകൃതപതാകയ്ക്കിതാ കൈതൊഴുന്നേൻ.

10. കാറോടിക്കും വപുസ്സും, രമ നിജകുചകുംഭത്തിലെക്കുങ്കുമത്താ–
ലാറാടിപ്പോരുരസ്സും തിറമൊടു മയിലിൻ പീലി ചൂടും ശിരസ്സും,
കൂറാടും സന്മനസ്സും, നളിനപദരജസ്സും, സ്വഭക്തന്നുവേണ്ടി–
ത്തേരോടിക്കും യശസ്സും–കരുതുക മനമേ, സാർത്ഥമാം നിൻ ജനുസ്സും.

11. ഗോവിന്ദസ്മരണൈകനിഷ്ഠയൊടുണർന്നാവൂ തുറന്നാവു ഞാൻ
കൈവല്യസ്മൃതിയോടു കൺമിഴികളെക്കണ്ണന്റെ രൂപങ്ങളിൽ,
നാവാദ്യം ഹരിനാമമാധുരി നുകർന്നാവൂ, മറന്നാവു ഹൃ–
ദ്വൈവശ്യപ്രദമായ മുഗ്ധവിഷയത്തായംകളിക്കോപ്പുകൾ!

12. നാവിൻ തുമ്പത്തു തുമ്പം കളയുമളികുലശ്യാമളശ്രീമണാള–
സ്വാമിക്കുള്ളായിരം പേരുക,ളകമലരിൽ സച്ചിദാനന്ദരൂപം
ഏവം ഞാനീ പ്രപഞ്ചം മുഴുവനമവിടുന്നെന്നു,മീ ഞാനുമെന്നും
ഭാവിക്കാറായ്‌വരട്ടേ ഭവഭയജലധിക്കക്കരെച്ചെന്നുപറ്റാൻ.

13. സംസാരാമയബാധയാൽ മഥിതനായ് ഞാൻ പേയുരയ്ക്കാം, ഭവൽ–
സംസത്തിൽ സുഖഭോഗവസ്തുനിചയം യാചിച്ചുവെന്നും വരാം,
കംസാരേ! കൃപയാൽ ഭവാനനുവദിച്ചീടായ്കതൊന്നും, ഭവ–
ധ്വംസാർത്ഥം നിരവദ്യഭക്തിയരുളാൻ മാത്രം പ്രസാദിക്കണേ!

14. മണ്ണും പെണ്ണും കൊതിക്കും, കവിതയുടെ വളപ്പിന്റെ വേലിക്കൽ നിന്ന–
പ്പെണ്ണിൻ നീലക്കടക്കണ്മുന പതിയുവതിന്നാശയാലെത്തിനോക്കും,
ഉണ്ണാനുണ്ടെങ്കിലില്ലാത്തൊരു നില നിരുപിച്ചുള്ളുരുക്കും–നൃജന്മം
കണ്ണാ, ഞാൻ പാഴിലാക്കിത്തുലയുവതിനുമുമ്പെന്നെ രക്ഷിക്ക വേഗം!

15. അപ്പീലിക്കണ്ണു ചൂടും തിരുമുടി, വലജിദ്രത്നസങ്കാശഫാലം,
മുപ്പാരെല്ലാം മയക്കും പുരികലത, ദയാലോലമാം നീലനേത്രം,
നല്പീതോദ്യദ്ദുകൂലം, മുരളിയുടെ മുഖത്തുമ്മവെയ്ക്കുന്ന വക്ത്രം,
ചിൽപാരമ്യപ്രഭാരഞ്ജിതമൃദുഹസിതം, കണ്ണ, ഞാൻ കാണ്മതെന്നോ!

16. ആയാസത്താൽ വിയർപ്പിൻ കണികകളണിയും നെറ്റിമേൽ പാതിയോളം
മായും സിന്ദൂരഗോപിക്കുറിയു,മുടലിലക്കാട്ടുചെമ്മണ്ണുമേന്തി
സായംകാലം പുണർന്നീടിന ഘനശകലംപോലെ, മാടിന്റെ പിന്നിൽ
കായാമ്പൂവർണ്ണനെത്തും നയനമധുരമം ചിത്രമോർക്കട്ടെ ചിത്തം.

17. എമ്പാടും സംഭ്രമത്തോടൊരു കയർമുറിയോടോടുമമ്മയ്ക്കുമമ്മ–
ട്ടമ്പേലും നാരദാദിത്രിദശമുനിമനസ്സിന്നുമജ്ഞാതനായി,
അമ്പോ! മായം കളിക്കും കപടനര, ഭവാനെപ്പിടിക്കുൾപ്പെടും പാ–
ഴമ്പാടിപ്പെൺകിടാങ്ങൾക്കുടയ ചടുലമാം നേത്രജാലാന്തരത്തിൽ?

18. കാളിന്ദിപ്പുഴവക്കിലുണ്ടൊരരയാൽ വൃക്ഷം; കണിക്കൊന്നയെ–
ക്കാളും മഞ്ജുളമായ മഞ്ഞവസനം ചാർത്തുന്നൊരാളുണ്ടതിൽ;
കാളാബ്ദാഞ്ചിത കോമളാകൃതി കലാപാലംകൃതോഷ്ണീഷനാ–
ണാ,ളെൻ നിർഭരഭാഗ്യമേ! മദനഗോപാലൻ മദാലംബനം.

19. കളായകുസുമങ്ങളേ, നവപയോദപോതങ്ങളേ,
മദാന്ധമധുപങ്ങളേ, മുദിതനീലകണ്ഠങ്ങളേ,
തമാലവിടപങ്ങളേ, യമുനയേന്തുമോളങ്ങളേ,
തുണയ്ക്കുക മുകുന്ദനെൻ നിനവിനങ്ങളിൽ തങ്ങുവാൻ.

20. മയ്യഞ്ചും തിരുമെയ്യു ചെന്നു തടവും നക്കും പദാബ്ജങ്ങൾ ഞാൻ,
പയ്യാറ്റും മമ യാമുനോദകവുമാ വൃന്ദാവനപ്പുൽകളും,
നിയ്യൂതും മുരളീസ്വരം നുകരു,മെന്നായർക്കിടാവേ, വെറും
പയ്യായാൽ മതിയായിരുന്നു തിരുവമ്പാടിക്കകത്തന്നു ഞാൻ.

21. ഗൂഢം പാതിരയിൽ പ്രസിദ്ധമഥുരാകാരാഗൃഹത്തിങ്കൽനി–
ന്നോടിപ്പോയി ശിശുമോഷണക്രിയയിലും കൈയ്യിട്ടു ഗോപാലനായ്,
ആടിപ്പാടിനടന്നു, വല്ലവികൾതൻ ചേതസ്സുമച്ചേലയും
കൂടിക്കട്ടുമുടിച്ചൊരത്തടവുപുള്ളിക്കായ് നമിക്കദ്യമായ്.

22. കാരുണ്യക്കടലേ, പരർക്കു ചുടലേ, ഗോപാംഗനാമാനസ–
ത്താരേന്തും തുടലേ, തുനിഞ്ഞു തുടരെക്കാക്കൂ മറക്കാതലേ,
സാരസ്യത്തളിരേ, മനസ്സു കുളിരെത്തൃക്കണ്ണയച്ചാ,ഗമ–
ത്തേരോട്ടും കരമേ, കനിഞ്ഞു കുരു മേ സാഹായ്യ,മോങ്കാരമേ!

23. ജ്ഞാനതൃത്ഭുതമാം ഭവൽക്കഥകളെച്ചിത്രീകരിച്ചീടുവാൻ
ധ്യാനിക്കുമ്പൊഴുതാഞ്ഞുകേറുമിടയിൽ പ്രാപഞ്ചികാസക്തികൾ;
നൂനം പാവനപാപപങ്കിലകഥാലേഖ്യങ്ങളൊന്നിക്കെയ–
ന്യൂനം മാമകചിത്തഭിത്തി ഗുരുവായൂരമ്പലം പോലെയായ്!

24. മച്ചിത്തത്തിലടിച്ചിടും നിനവലച്ചാർത്തിങ്കലോരോന്നിലും
ത്വച്ഛ്രീമദ്ധരിനീലകോമളമുഖം ബിംബിച്ചുകണ്ടാവു ഞാൻ,
കയ്ച്ചാലും മധുരിക്കിലും മധുരിപോ, നിർബ്ബാധമായ് നിൻപദേ
വെച്ചാവൂ വിധിപോലെ, കൊച്ചുതുളസിപ്പൂപോലെ, മജ്ജീവിതം.

25. അങ്ങെന്നുള്ളിലിരുന്നെനിക്കു വഴി കാണിക്കുന്നതോരാതെ ഞാൻ
മുങ്ങിപ്പോയ് മുഴുമായയാൽ മതിമയക്കീടുന്ന ഭാവങ്ങളിൽ
മങ്ങിച്ചുങ്ങി മനസ്സു മത്സരമദക്രോധങ്ങളും കാമനും
തിങ്ങിക്കൂടുകയാലെനിക്കെനിയുമീയെന്നെത്തിരിഞ്ഞീലഹോ!

26. പാലാഴിത്തിരമാല നാലുപുറവും തട്ടിക്കലുക്കുമ്പൊഴും
വേലപ്പെണ്ണടിരണ്ടുമാത്തകുതുകം മെല്ലെത്തലോടുമ്പൊഴും
പാലിക്കാനമരർഷിമാർ സ്തുതികഥാഗീതം പൊഴിക്കുമ്പൊഴും
ചേലിൽ ചാഞ്ഞുകിടന്നുറങ്ങുമുടയോനേകട്ടെയുത്തേജനം.

27. പച്ചക്കല്ലൊളിപൂണ്ടപൂവലുടലിൽ പീതാംബരം ചാർത്തിയ–
ക്കൊച്ചോടക്കുഴലും 'മുടിഞ്ഞ' വടിയും കൈക്കൊണ്ടുഷസ്സെത്തവേ
ഉച്ചയ്ക്കുണ്മതിനമ്മ തന്ന മധുരാഹാരപ്പൊതിക്കെട്ടെടു–
ത്തുച്ചം മാടുതെളിച്ചു പോകുമിടയക്കൊച്ചന്നു കൂപ്പുന്നു ഞാൻ.

28. മണ്ണുണ്ണും, വെണ്ണയുണ്ണും, കടുതരവിഷസമ്മിശ്രമാം സ്തന്യമുണ്ണും,
മണ്ണും കല്ലും നിറഞ്ഞോരവിലുമരയിലച്ചീരയും തീയുമുണ്ണും,
തിണ്ണം ബ്രഹ്മാണ്ഡമങ്ങേക്കുടവയർ; ഗുരുവായൂരെഴും നാഥ, നീയെ–
ന്നുണ്ണി,ല്ലുണ്ണീ! നിവേദിക്കുവനടിമലരിൽ കൂപ്പുമെൻ തപ്തബാഷ്പം.

29. തേടിത്തേടി നടന്നു കാലടി കഴയ്ക്കട്ടേ, ഭവൽകീർത്തനം
പാടിപ്പാടി വരണ്ടുണങ്ങുകിലുണങ്ങീടട്ടെ ജിഹ്വാഞ്ചലം,
കൂടെക്കൂടെ നടത്തുമർച്ചന തളർത്തീടട്ടെ കൈ രണ്ടു,മി–
ക്കൂടാത്മാവു വെടിഞ്ഞിടുംവരെ ഹരേ! നിന്നെ സ്മരിച്ചാവു ഞാൻ.

30. മുട്ടു കുത്തി,മണിമണ്ഡനസ്വനമുയർന്നിടാതെ,യതിസാഹസ–
പ്പെട്ടിഴഞ്ഞു,കതകൊച്ചയറ്റവിധമായ് തുറന്നു ചരിതാർഥനായ്
കട്ടിലിൻ മുകളിലെത്തിനിന്നുറിയിൽ വെച്ച വെണ്ണ മലർവായ്ക്കക–
ത്തിട്ടു കട്ടുപുലരുന്ന തസ്കരകലാവിശാരദനു കൈതൊഴാം.

31. നൂറ്റാണ്ടിൽ പ്പാതിയോളം പകലിരവുമഹങ്കാരചർക്കയ്ക്കുമേലേ
നൂറ്റേൻ ഹാ!പാപനൂലിൻ കഴികളതു കൃപാലോല! ഞാൻ നെയ്തെടുത്തു:
ചുറ്റിക്കാണുന്നൊരിജ്ജീവിതവസനമുപേക്ഷിച്ചു,നിൻ കാൽ തുടയ്ക്കാൻ
പറ്റീടും തോർത്തുമുണ്ടൊന്നിവനിനി വിരചിച്ചീടുവാൻ നേരമുണ്ടോ?

32. മന്ദാരപ്പൂക്കൾ വൃന്ദാരകവിധുമുഖിമാർ തൂകവേ സന്മുനീനാം
വൃന്ദം നന്ദിച്ചു 'നാരായണ ഹരിഹരി'യെന്നുച്ചകൈരുച്ചരിക്കെ,
മന്ദസ്മേരാസ്യമാരാം വ്രജയുവതികളൊന്നിച്ചു നൃത്തം ചവിട്ടും
നന്ദൻ തൻ പുണ്യപൂരം,പവനപുരകൃപാകന്ദളം ഭാവയേഹം.

33. കായുന്നൂ കരൾ;ആയിരം ഭയമുയർന്നീടുന്നു മേ;കാലനൂ–
ർക്കായിപ്പായുകയാണനത്യയരയം കാലാഹ്വയപ്പോർഹയം;
ആയുസ്സിന്നവസാനം–ആർക്കറിയും?–ഇങ്ങാസന്നമാവാം;മുകിൽ–
ഛായാകോമള! നിന്നപാംഗമലിവിൽച്ചായേണമിയ്യേഴയിൽ.

34. കിട്ടീലെന്നു കഥിക്കുവാൻ വഴിതരാതെകണ്ടു കാലൻ മിന–
ക്കെട്ടിത്തിച്ചിതു മൂന്നു കത്തുകൾ:മറന്നാലോ മരിക്കും കഥ?
ഞെട്ടീലാ നര വന്നപോതു, നയനം മങ്ങീടവേ,മാനസം
ചുട്ടീലാ ചില പല്ലു പോകെ;യമനെപ്പാഴിൽ പ്പഴിക്കില്ല ഞാൻ.

35. മുജ്ജന്മം ചെയ്ത കർമാവലിയുടെ വലിയാൽ നേർവഴിത്താര മുമ്പിൽ–
ത്തഞ്ചുമ്പോഴും ചലിക്കും നിനവുകൾ ദുരിതക്കുണ്ടിലേക്കാനയിച്ചു:
വഞ്ചിക്കും മായ വീശും വലയിലൊരു പരൽ ക്കുഞ്ഞിനെപ്പോലെ വീണേൻ;
നിൻ ചെന്താർപ്പാദമൊന്നേ ശരണമിനിയനന്താലയാനന്ദമൂർത്തേ!

36. ദാരിദ്ര്യാഘാതമേറ്റിട്ടപഗതധൃതിയായാപതിക്കുമ്പൊഴും, ഞാൻ
സാരൈശ്വര്യപ്രതാപക്കൊടുമുടിയിലിരിക്കുമ്പൊഴും തുല്യമായി
താരാർമാതിന്റെ മാറിന്നണിമരതകഭൂഷായിതം സർവ്വലോകാ–
ധാരം നീരന്ധ്രധാരാധരമധുരശരീരം സ്മരിക്കാവു നിത്യം.

37. മേൽപ്പത്തൂർ പണ്ഡിതാഖണ്ഡലനമൃതവചോരത്നഭണ്ഡാര,മാരും
കൂപ്പും പൂന്താനവിപ്രൻ പവനപുരാധീനചിത്തൻ പവിത്രൻ,
അപ്പേരാളുന്ന ലീലാശുകകവിയരവിന്ദാക്ഷപാദാബ്ജഭൃംഗം
മുപ്പേരും നൽകുകാശിസ്സടിയനുടെ'യവിൽ ക്കുമ്പി'ളാസ്വാദ്യമാവാൻ.

38. പ്രബുദ്ധഹൃദയംഗമസ്തുതികളായ സാരസ്വത–
പ്രസന്നനവനീതവും മലരുമില്ല മൽക്കൈകളിൽ;
മുരാന്തക! പൊറുക്കുകീക്കരടുചേർന്നു കട്ടച്ചതാ–
'മവില്പ്പൊതി' ഭവൽപ്പദത്തളിരിൽ വച്ചുകൂപ്പുന്നു ഞാൻ.

39. പൂണെല്ലുന്തിച്ചടച്ചാടിയ മമ കവിതപ്പയ്യിനെസ്സന്ധ്യനേര–
ത്താണല്ലോ ഞാൻ കറക്കാൻ തുനിയുവതു ഭവാനിഷ്ടനൈവേദ്യമേകാൻ;
താണേൻ, നൂണേനകിട്ടിൽപ്പലകുറി; ഒടുവിൽച്ചെറ്റു കൈവന്ന ദുഗ്ദ്ധം
നാണംകെട്ടാണു വയ്ക്കുന്നതു പദമലരിൽ, ഗോകുലാനന്ദമൂർത്തേ!

40. കണ്ടോരുണ്ടോ കഴുത്തിൽപ്പരിമളതുളസീദാമ,മാ നീലവണ്ടിൻ
തണ്ടാറ്റും മയ്യു,ചെന്താമരദലനയനം, ഗോപവാടം സ്വഗേഹം,
തെണ്ടും വൃന്ദാവനത്തിൽ തപനതനയതൻ കൂലകുഞ്ജാന്തരത്തിൽ,
കണ്ടെത്താനായ് സഹായിപ്പവനുമമ നമസ്കാരമാജീവനാന്തം.

41. കണ്ടോരുണ്ടോ? തപശ്ശാന്തത നിറയുമകക്കാമ്പിലേക്കെത്തിനോക്ക–
രുണ്ടത്രേ, ഗോപിമാർതൻസ്മരമഥിതമനസിങ്കലും തങ്ങുമത്രേ;
ഉണ്ടത്രേ നാമമോരായിര,മുപനിഷദുക്തിക്കെഴും യുക്തിയേയും
തിണ്ടാടിപ്പിച്ച മായാവിയെ,യൊരുകുറി കാണിക്കുമോ കാണിനേരം?

42. കണ്ടോരുണ്ടോ? തുറുങ്കിൽ പിറവി, തനിനിറം കണ്ടതില്ലാരു,മാടി–
ക്കൊണ്ടൽക്കാന്തിപ്പകിട്ടുണ്ടി,ടയരുടെ നടുക്കാണു കൗമാരകാലം,
തെണ്ടും മാടിന്റെപിന്നിൽ, പകലിരവു കവർന്നുണ്ണു,മെന്നാലുമുള്ളിൽ
കണ്ടാലാനന്ദമേകും രസികനെയൊരുനോക്കെങ്കിലും കാട്ടിടാമോ?

43. കണ്ടോരുണ്ടോ? വ്രജത്തിൻ വ്രതസുകൃതഫലക്കാമ്പിനെ,പ്പാമ്പിനെ,ക്കാ–
ളിന്ദിത്തണ്ണീരു നഞ്ഞാക്കിയ കുടിലനെയോടിച്ചൊരെൻ തമ്പുരാനെ,
കണ്ടോരുണ്ടോ? തകർക്കും പെരുമഴ തടയാൻ കുന്നിനെപ്പൊക്കിനിർത്തി–
ത്തണ്ടറ്റുള്ളുണ്ടർകോൻതൻ മിഴികളിൽ മഴ പെയ്യിച്ച കാളാംബുദത്തെ.

44. മുട്ടീമുട്ടീലുരുക്കിന്മുസലമലസമായാഞ്ഞെറിഞ്ഞോരുപാശം
കെട്ടീകെട്ടീലകണ്ഠം പരിസരമുടനേ വിട്ടതെന്തേ കൃതാന്തൻ?
വിട്ടൂ ശ്വാസപ്രയാസം കുളിരുടലിലിളംചൂടുവീണ്ടും കടന്നൂ
പെട്ടെന്ന,ദ്ധർമ്മരാജന്നഴലിലുരുകുമെൻ സാധ്വി സാവിത്രിയായോ?

45. വാകച്ചാർത്തിനു വല്ലവണ്ണവുമുണർത്ത്മ്പൊഴേക്കമ്പലം
മാകന്ദാശുഗമാനദണ്ഡമഹിളാമാണിക്യമാലാഞ്ചിതം;
വാകപ്പൂമൃദുമെയ്യു മെയ്യിലുരസുമ്പൊഴെന്റെ ഗോപീജന–
ശ്രീകമ്രസ്തനകുങ്കുമാങ്കിത, മനസ്സോടുന്നു വല്ലേടവും!

<u>ശ്ലോകസൂചി</u>


പത്രം വിസ്തൃത,മത്ര ........................................ 3
പച്ചക്കല്ലൊളിപൂണ്ടപൂവലുടലിൽ .................. 8
പാലാഴിത്തിരമാല നാലുപുറവും.................... 8
പാലാഴിക്കോളിരമ്പത്തിലു ............................... 6
പിച്ചനെല്ലവലിടിച്ചു കെട്ടിയ............................. 6
പൂർവം രാമതപോവനാനിഗമനം ................... 4
പൂണെല്ലുന്തിച്ചടച്ചാടിയ .................................... 9
പ്രബുദ്ധഹൃദയംഗമസ്തുതി............................ 9
മച്ചിത്തത്തിലടിച്ചിടും നിനവല....................... 8
അപ്പീലിക്കണ്ണു ചൂടും തിരുമുടി ..................... 7
മയ്യഞ്ചും തിരുമെയ്യു........................................... 7
മണ്ണുണ്ണും, വെണ്ണയുണ്ണും ................................ 8
മണ്ണും പെണ്ണും കൊതിക്കും ............................ 7
മന്ദാരപ്പൂക്കൾ വൃന്ദാരക.................................. 9
അമ്പത്തൊക്ഷരരാളീ.......................................... 3
അർക്കശുഷ്ക്കഫല............................................ 3
അബ്ദ്ദാർത്ഥേന ഹരിം ........................................ 3
മുക്കൂട്ടപ്പാതവക്കത്തൊരുതവി........................ 4
മുട്ടീമുട്ടീലുരുക്കിന്മുസല .................................10
മുട്ടു കുത്തി,മണിമണ്ഡ'..................................... 8
മുജ്ജന്മം ചെയ്ത ................................................ 9
മൃദുലം കിമു വസ്തു......................................... 5
അങ്ങെന്നുള്ളിലിരുന്നെനിക്ക .......................... 8
അന്നൊത്തപോക്കീ ............................................ 3
ആയാസത്താൽ വിയർപ്പിൻ .......................... 7
ആലിലത്തോണിയിൽ........................................ 6
ആദൗദേവകി ദിവ്യഗർഭജനനം...................... 4
ലാളിച്ചീടാൻ യശോദാ........................................ 6
എമ്പാടും സംഭ്രമത്തോടൊരു......................... 7
ഏതാനും പിഴ ഞാനറിഞ്ഞു............................ 5
വക്കത്തുൽക്കണ്ട്ഠയാലുൽക്കട .................... 6
ഒട്ടാണ്ടെന്നച്ഛനത്യാദരവൊടു .......................... 4
വാകച്ചാർത്തിനു വല്ലവണ്ണവു .........................10
കളായകുസുമങ്ങളേ .......................................... 7
കായുന്നൂ കരൾ.................................................. 9
കാരുണ്യക്കടലേ, പരർക്ക ................................ 8
കാളിന്ദിപ്പുഴവക്കിൽ...........................................11
കാളിന്ദിപ്പുഴവക്കിലുണ്ടൊ................................ 7
കാടല്ലേ നിന്റെ ഭർത്താവിനു............................ 4
കാറോടിക്കും വപുസ്സും .................................... 6
കിട്ടീലെന്നു കഥിക്കുവാൻ................................ 9
കൃതം സുകൃതം ................................................ 4
കണ്ടോരുണ്ടോ കഴുത്തിൽ.............................. 9
കണ്ടോരുണ്ടോ? വ്രജത്തിൻ..........................10
കണ്ടോരുണ്ടോ? തപശ്ശാന്തത......................... 9
കണ്ടോരുണ്ടോ? തുറുങ്കിൽ ............................ 9
ഗാത്രം ഭസ്മസിതം ............................................. 4
ഗൂഢം പാതിരയിൽ ........................................... 7
സംസാരാമയബാധയാൽ................................. 7
ാവാനാവാമുകുന്ദസ്മരണ................................ 4
ാവിൻ തുമ്പത്തു തുമ്പം .................................. 7
ചഞ്ചൽച്ചില്ലീലതക്കം......................................... 3
ചൂടായ്കിൽ തുളസീദലം .................................. 4
ചൂടും പൂവിനു ................................................... 6
ജാതീ, ജാതാനുകമ്പാഭവ................................. 3
ൂറ്റാണ്ടിൽ പ്പാതിയോളം.................................... 8
ഞാനത്യത്ഭുതമാം ............................................. 8
വെണ്ണത്തൂമണമാർന്ന........................................ 6
മേൽപ്പത്തൂർ പണ്ഡിതാഖണ്ഡല................... 9
ഗോവിന്ദസ്മരണൈകനിഷ്ഠ ........................... 7
ഠാണാവിൽജ്ജനനം .......................................... 6
ചേലക്കള്ളൻ ചിലപ്പോൾ................................ 6
തേടിത്തേടി നടന്നു കാലടി............................. 8
താരിൽത്തന്വീകടാക്ഷാഞ്ചല........................... 3
ദാരിദ്ര്യാഘാതമേറ്റി ............................................ 9